# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/139/2017 പത്രക്കുറിപ്പ് 2017 ജൂലായ് 4

**എം. ജി ബിരുദ ഏകജാലകം : നാലാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധികരിച്ചു. യോഗ്യത നേടിയവർ ഇന്ന് (ജൂലായ് 5) വൈകീട്ട് 4 മണിക്കു മുൻപായി പ്രവേശനം നേടണം.**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴി 2017ൽ ബിരുദ പ്രവേശനത്തിനുള്ള നാലാം ഘട്ട അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് ഇന്ന് (ജൂലായ് 5) വൈകുന്നേരം നാലു മണിക്കു മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. ജൂലായ് 5 ന് വൈകുന്നേരം നാലു മണിക്കു മുൻപായി ഫീസ് അടക്കാത്തവരുടെയും ഫീസടച്ച ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

നാലാം അലോട്ട്മെന്റിൽ പ്രവേശനത്തിനർഹത നേടിയ അപേക്ഷകർ തങ്ങൾക്ക് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടുന്ന പക്ഷം, ഓൺലൈനായി അടയ്ക്കുന്ന സർവ്വകലാശാല ഫീസിനു പുറമേ, ട്യൂഷൻ ഫീ ഉൾപ്പെടെയുള്ള ഫീസ് കോളേജുകളിൽ അടച്ച് പ്രവേശനം ഉറപ്പാക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച എസ്. സി/എസ്.റ്റി വിഭാഗം ഒഴിച്ചുള്ള താത്കാലിക പ്രവേശനമെടുത്തവരുൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകരും അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ജൂലായ് 5 നു വൈകീട്ട് 4 മണിക്കു മുൻപായി സ്ഥിര പ്രവേശനം നേടാത്ത പക്ഷം അത്തരം അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതാണ്.

വിവിധ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് സംബന്ധിച്ച ഉത്തരവുകൾ ക്യാപ്പ് വെബ്സൈറ്റിൽ നല്കിയിട്ടുണ്ട്. സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ ഫീസ് ഈടാക്കുന്ന കോളേജുകൾക്കെതിരെ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**പുതുക്കിയ പരീക്ഷ തീയതി**

ജൂലൈ 3 ന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റി വച്ചതുമായ വിവിധ പരീക്ഷകളുടെ പുതുക്കിയ തീയതികൾ പ്രഖ്യാപിച്ചു. രണ്ടാം വർഷ ബി. എസ്‌സി. നേഴ്സിങ് സപ്ലിമെന്ററി പരീക്ഷകൾ ജൂലായ് 6 ന് രാവിലെ 9.30 മുതൽ 11.30 വരെയും, രണ്ടാം വർഷ ബി. ഫാം (2015 അഡ്മിഷൻ റഗുലർ/2015 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി), ഒന്നാം സെമസ്റ്റർ എം. സി. എ (പുതിയ സ്കീം സ്റ്റാസ് / പഴയ സ്കീം അഫിലിയേറ്റഡ് കോളേജ്), ഒന്നാം സെമസ്റ്റർ എം. എസ്‌സി. അപ്ലൈഡ് ഇലക്ട്രോണിക്സ് എന്നീ പരീക്ഷകൾ ജൂലായ് 7 ന് രാവിലെ 9.30 മുതൽ 12.30 വരെയും മൂന്നാം സെമസ്റ്റർ ത്രിവത്സര എൽ. എൽ. ബി (റഗുലർ/സപ്ലിമെന്ററി), ഏഴാം സെമസ്റ്റർ പഞ്ചവത്സര എൽ. എൽ. ബി (സപ്ലിമെന്ററി), നാലാം വർഷ ബി. പി. റ്റി (2008 മുതലുള്ള അഡ്മിഷൻ) സപ്ലിമെന്ററി എന്നീ പരീക്ഷകൾ ജൂലായ് 10 ന് രാവിലെ 9.30 മുതൽ 12.30 വരെയും, നാലാം സെമസ്റ്റർ ബി. എ/ബി. കോം പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷകൾ ജൂലായ് 12 ന് ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെയും ഒന്നാം സെമസ്റ്റർ എം. എസ്‌സി. സ്പേസ് സയൻസ് ആന്റ് ടെക്നോളജി (2016 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ജൂലായ് 21 ന് രാവിലെ 9.30 മുതൽ 12.30 വരെയും നടത്തും. ഒന്നാം സെമസ്റ്റർ എം. എ./എം. എസ്‌സി./എം.കോം, ഒന്നാം സെമസ്റ്റർ എം. ടെക് (2013 & 2015 അഡ്മിഷൻ സപ്ലിമെന്ററി) എന്നീ പരീക്ഷകളുടെ തീയതി പിന്നീട്.

**അപേക്ഷാതീയതി നീട്ടി**

ജൂലായ് 11 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകൾക്ക് (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2016 ന് മുൻപുള്ള അഡ്മിഷൻ, 2012 അഡ്മിഷൻ മേഴ്സിചാൻസ്) എന്നീ വിദ്യാർത്ഥികൾക്ക് പിഴയില്ലാതെ ഇന്നും (ജൂലായ് 5)അപേക്ഷിക്കാം. അപേക്ഷകൾ ബന്ധപ്പെട്ട പരീക്ഷാ വിഭാഗ അസിസ്റ്റന്റ് രജിസ്ട്രാർക്ക് നേരിട്ട് സമർപ്പിക്കണം.

**പ്രാക്ടിക്കൽ പരീക്ഷ**

2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം. എ സിനിമ ആന്റ് ടെലിവിഷൻ, മൾട്ടീമീഡിയ, ആനിമേഷൻ, ഗ്രാഫിക് ഡിസൈൻ (സി. എസ്. എസ് - 2015 അഡ്മിഷൻ റഗുലർ/2012, 2013 & 2014 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലായ് 6 മുതൽ ആരംഭിക്കും. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി. എസ്‌സി. കംപ്യൂട്ടർ സയൻസ് (സി. ബി. സി. എസ്. എസ്- സപ്ലിമെന്ററി/മേഴ്‌സിചാൻസ്- 2013 ന് മുൻപുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലായ് 7 ന് അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്‌സൈറ്റിൽ ലഭ്യമാണ്.

2017 മെയ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി. എ ഇംഗ്ലീഷ് ലിറ്ററേച്ചർ- കമ്മ്യൂണിക്കേഷൻ & ജേർണലിസം ഡിഗ്രി പരീക്ഷയുടെ ഇന്റർ പേഴ്‌സണൽ സ്കിൽസ് പ്രാക്ടിക്കൽ ജൂലൈ 13, 14 തീയതികളിൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്‌സൈറ്റിൽ ലഭ്യമാണ്.

2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ നാലാം വർഷ ബി. എസ്‌സി. നേഴ്‌സിങ് (2007 മുതലുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്‌സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ ഒബ്സ്റ്റട്രിക്കൽ നഴ്‌സിങ് ഇൻക്ലൂഡിംഗ് ഗൈനോക്കോളജിക്കൽ നഴസിങ് & കമ്മ്യൂണിറ്റി ഹെൽത്ത് നേഴ്‌സിങ് 2 പ്രാക്ടിക്കലും, വൈവാ വോസിയും ജൂലായ് 14, 15 തീയതികളിൽ ഗാന്ധി നഗറിലെയും പാലായിലെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നേഴ്‌സിങ് എഡ്യൂക്കേഷനിലും, കൊച്ചി ഇന്ദിരാഗാന്ധി കോ - ഓപ്പറേറ്റീവ് കോളേജ് ഓഫ് നേഴ്‌സിങ് എന്നീ കേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്‌സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എസ്‌സി. ബയോടെക്‌നോളജി (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 17 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എസ്‌സി. മാത്തമാറ്റിക്സ് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 16 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടും, 2017 ജനുവരിയിൽ നടത്തിയ മൂന്നും സെമസ്റ്റർ എം. എസ്‌സി. പ്ലാന്റ് ബയോടെക്‌നോളജി (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 16 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ് (റഗുലർ), എം. എസ്‌സി. അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് വിത്ത് കംപ്യൂട്ടർ ആപ്ലിക്കേഷൻ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 16 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടും, 2017 ജനുവരിയിൽ നടത്തിയ മൂന്നും സെമസ്റ്റർ എം. എ കഥകളി വേഷം, കഥകളി സംഗീതം, മോഹിനിയാട്ടം (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 16 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എ മൃദംഗം, ഭരതനാട്യം & വയലിൻ (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 19 വരെ സ്വീകരിക്കും.

**എം.ഫിൽ സംവരണ സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ എം. ഫിൽ കോഴ്‌സിന് എൻവയോൺമെന്റ് മാനേജ്മെന്റ് വിഷയത്തിൽ പട്ടികജാതി/പട്ടിക വർഗ്ഗ സംവരണത്തിൽ ഓരോ സീറ്റൊഴിവുണ്ട്. യോഗ്യരായവർ ജൂലായ് 6 ന് രാവിലെ 11 മണിക്ക് എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളുമായി സ്കൂൾ ഡയറക്ടർ മുൻപാകെ ഹാജരാകണം. തെരഞ്ഞെടുക്കപ്പെടുന്നവർ 1200 രൂപ കോഷൻ ഡെപ്പോസിറ്റായി അടക്കേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**